# Chapter - 5

# പണവും സമ്പദ്വ്യവസ്ഥയും

---

**<u>പണത്തിന്റെ നിർവചനവും പ്രാധാന്യവും</u>**

- സാധനങ്ങളുടെയും സേവനങ്ങളുടെയും കൈമാറ്റത്തിനായി പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒന്നാണ് പണം
- പണം വിനിമയങ്ങൾ വേഗത്തിലാക്കുകയും തൊഴിൽ വിഭജനം സാധ്യമാക്കുകയും ചെയ്യുന്നു ഉദാഹരണത്തിന് ഒരു കർഷകന് തന്റെ ഉൽപ്പന്നമായ റബ്ബർ വിറ്റ് പണമാക്കി മാറ്റാനും അത് ഉപയോഗിച്ച് മറ്റ് ആവശ്യങ്ങൾ നിറവേറ്റാനും കഴിയുന്നതിനാൽ റബ്ബർ ഉൽപാദനത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കുന്നു

**<u>പണത്തിന്റെ പൊതുവായ ധർമ്മങ്ങൾ</u>**

- **വിനിമയ മാധ്യമം:** സാധനങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനും ഇടനിലക്കാരനായി പണം പ്രവർത്തിക്കുന്നു നമ്മുടെ അധ്വാനമോ ഉൽപ്പന്നങ്ങളോ പണത്തിന് പകരമായി നൽകാനും ആ പണം ഉപയോഗിച്ച് ആവശ്യമായ സാധനങ്ങൾ വാങ്ങാനും നമുക്ക് സാധിക്കുന്നു
- **മൂല്യനിർണ്ണയ ഉപാധി:** എല്ലാ സാധനങ്ങളുടെയും സേവനങ്ങളുടെയും മൂല്യം പണത്തിൽ വില പ്രകടിപ്പിക്കാൻ സാധിക്കുന്നു ബാർട്ടർ സമ്പ്രദായത്തിൽ സാധനങ്ങളുടെ മൂല്യം താരതമ്യം ചെയ്യുന്നത് പ്രയാസമായിരുന്നുവെങ്കിൽ പണം അത് എളുപ്പമാക്കി
- **മൂല്യശേഖര ഉപാധി:** പെട്ടെന്ന് നശിച്ചുപോകുന്ന സാധനങ്ങളുടെ പോലും മൂല്യം പണമായോ ആസ്തിയായോ ഭാവിയിലേക്ക് ശേഖരിച്ചുവെക്കാൻ പണം സഹായിക്കുന്നു
- **ഭാവികാലത്തെ കൊടുക്കൽവാങ്ങലുകൾക്കുള്ള ഉപാധി:** സാമ്പത്തിക ഇടപാടുകൾ കടം കൊടുക്കലും വാങ്ങലും പിൽക്കാലത്ത് തീർപ്പാക്കാൻ പണം സഹായിക്കുന്നു ഇത് ആധുനിക ബിസിനസ്സ് രംഗത്തെ വളരെയധികം സഹായിക്കുന്നു

**<u>പണത്തിന്റെ മൂല്യവും വാങ്ങൽ ശേഷിയും</u>**

- **വാങ്ങൽ ശേഷി:** പണത്തിന്റെ മൂല്യം നിർണ്ണയിക്കുന്നത് അതിന്റെ വാങ്ങൽ ശേഷിയാണ്
  - **വില കൂടുമ്പോൾ പണപ്പെരുപ്പം:** പണത്തിന്റെ വാങ്ങൽ ശേഷി കുറയുന്നു
  - **വില കുറയുമ്പോൾ :** പണത്തിന്റെ വാങ്ങൽ ശേഷി കൂടുന്നു

**<u>പണം സമ്പദ്വ്യവസ്ഥയെ എങ്ങനെ ഉത്തേജിപ്പിക്കുന്നു</u>**

- **വരുമാനത്തിന്റെ ചംക്രമണം:** ഒരു മേഖലയിൽ ചെലവാക്കുന്ന പണം മറ്റൊരു മേഖലയുടെ വരുമാനമായി മാറുന്നു ഉദാഹരണത്തിന് ഒരു നെൽ കർഷകൻ യന്ത്രങ്ങൾ വാങ്ങുമ്പോൾ അത് വ്യവസായ മേഖലയിലുള്ളവർക്ക് വരുമാനമായി മാറുന്നു
- **പണത്തിന്റെ ചംക്രമണ വേഗത:** ഒരു നിശ്ചിത സമയത്തിനുള്ളിൽ ഒരു യൂണിറ്റ് പണം എത്ര തവണ കൈമാറ്റം ചെയ്യപ്പെടുന്നു എന്നതിനെയാണ് പണത്തിന്റെ ചംക്രമണ വേഗത എന്ന് വിളിക്കുന്നത്
  - **ഉയർന്ന വേഗത:** സാമ്പത്തിക വളർച്ചയെയും ഉയർന്ന ചെലവിടലിനെയും സൂചിപ്പിക്കുന്നു
  - **കുറഞ്ഞ വേഗത:** സമ്പദ്വ്യവസ്ഥയിലെ മാന്ദ്യത്തെ സൂചിപ്പിക്കുന്നു

OXFORD

**ബാങ്കുകളുടെ പങ്ക്**

- പണമിടപാടുകൾ സുഗമമാക്കുന്നതിനും സാമ്പത്തിക പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനും ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും വലിയ പങ്ക് വഹിക്കുന്നു

## റിസർബാങ്ക് ഓഫ് ഇന്ത്യയും ചുമതലകളും

**കേന്ദ്ര ബാങ്കിനെക്കുറിച്ചുള്ള ആമുഖം**

- ഇന്ത്യയുടെ കേന്ദ്ര ബാങ്കും സാമ്പത്തിക കാര്യങ്ങളിലെ പരമാധികാര സ്ഥാപനവുമാണ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ
- 1934-ലെ ആർബിഐ നിയമപ്രകാരം **1935 ഏപ്രിൽ 1-ന്** കൊൽക്കത്തയിലാണ് ഇത് സ്ഥാപിതമായത് 1937-ൽ ആസ്ഥാനം മുംബൈയിലേക്ക് മാറ്റുകയും 1949-ൽ ബാങ്കിനെ ദേശസാൽക്കരിക്കുകയും ചെയ്തു

**1 കറൻസി അച്ചടിക്കലും പുറപ്പെടുവിക്കലും**

- നാണയങ്ങളും ഒരു രൂപ നോട്ടും ഒഴികെയുള്ള എല്ലാ കറൻസി നോട്ടുകളും അച്ചടിക്കാനും പുറപ്പെടുവിക്കാനുമുള്ള അധികാരം റിസർവ് ബാങ്കിനാണ് നാണയങ്ങളും ഒരു രൂപ നോട്ടും കേന്ദ്ര ധനകാര്യ മന്ത്രാലയമാണ് പുറപ്പെടുവിക്കുന്നത്
- നോട്ടുകൾ **നാസിക് ദേവാസ് മൈസൂർ സാൽബോണി** എന്നിവിടങ്ങളിൽ അച്ചടിക്കുന്നു നാണയങ്ങൾ **മുംബൈ ഹൈദരാബാദ് കൊൽക്കത്ത നോയിഡ** എന്നിവിടങ്ങളിലെ മിന്റുകളിൽ നിർമ്മിക്കുന്നു

**2 ബാങ്കർമാരുടെ ബാങ്കും സർക്കാരിന്റെ ബാങ്കും**

- **ബാങ്കർമാരുടെ ബാങ്ക്**: വാണിജ്യ ബാങ്കുകൾക്ക് അടിയന്തര വായ്പകൾ നൽകുന്നതും അവരുടെ കരുതൽ ധനം സൂക്ഷിക്കുന്നതും ബാങ്കുകൾ തമ്മിലുള്ള ഇടപാടുകൾ തീർപ്പാക്കുന്നതും റിസർവ് ബാങ്കാണ്
- **സർക്കാരിന്റെ ബാങ്ക്**: സർക്കാരിന്റെ അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതും ബാങ്കിംഗ് സേവനങ്ങൾ നൽകുന്നതും ധനനയത്തിലും പണനയത്തിലും സർക്കാരിന് ഉപദേശം നൽകുന്നതും റിസർവ് ബാങ്കാണ്

**3 പണലഭ്യതയും പണപ്പെരുപ്പവും നിയന്ത്രിക്കൽ**

- സാധനങ്ങളുടെയും സേവനങ്ങളുടെയും പൊതുവായ വിലനിലവാരത്തിലുണ്ടാകുന്ന വർദ്ധനവിനെ **പണപ്പെരുപ്പം** എന്ന് വിളിക്കുന്നു ഇന്ത്യയിൽ ഇത് **ഉപഭോക്തൃ വില സൂചിക** ഉപയോഗിച്ചാണ് അളക്കുന്നത്
- **കടം നിയന്ത്രണ ഉപാധികൾ:**
  - **റെപ്പോ നിരക്ക്** : വാണിജ്യ ബാങ്കുകൾക്ക് നൽകുന്ന വായ്പയ്ക്ക് റിസർവ് ബാങ്ക് ഈടാക്കുന്ന പലിശ
  - **റിവേഴ്സ് റെപ്പോ നിരക്ക്** : വാണിജ്യ ബാങ്കുകളുടെ നിക്ഷേപത്തിന് റിസർവ് ബാങ്ക് നൽകുന്ന പലിശ
  - **കരുതൽ ധനാനുപാതം** : ബാങ്കുകൾ തങ്ങളുടെ നിക്ഷേപത്തിന്റെ ഒരു നിശ്ചിത ഭാഗം റിസർവ് ബാങ്കിൽ സൂക്ഷിക്കേണ്ടതിനെയാണിത് പറയുന്നത്

**4 വിദേശനാണ്യ കരുതൽ ശേഖരത്തിന്റെ കാവൽക്കാരൻ**

- രാജ്യത്തിന്റെ വിദേശനാണ്യ ശേഖരത്തിന്റെയും സ്വർണ്ണത്തിന്റെയും കാവൽക്കാരൻ റിസർവ് ബാങ്കാണ് കൂടാതെ ആർബിഐ ബുള്ളറ്റിൻ പണനയ റിപ്പോർട്ടുകൾ തുടങ്ങിയവ പ്രസിദ്ധീകരിക്കുന്നതും ഈ സ്ഥാപനമാണ്

OXFORD

**സമ്പദ്‌വ്യവസ്ഥയിലെ പണം അളക്കൽ**

- സമ്പദ്‌വ്യവസ്ഥയിലെ ആകെ പണത്തെ ആർബിഐ നാലായി തരംതിരിക്കുന്നു:
  - **ഇടുങ്ങിയ പണം - 1 & 2:** പൊതുജനങ്ങളുടെ കൈവശമുള്ള കറൻസിയും സേവിങ്സ് നിക്ഷേപങ്ങളും ഇതിൽ ഉൾപ്പെടുന്നു
  - **വിശാലമായ പണം - 3 & 4:** സ്ഥിര നിക്ഷേപങ്ങളും പോസ്റ്റ് ഓഫീസ് നിക്ഷേപങ്ങളും ഇതിൽ ഉൾപ്പെടുന്നു

## <u>വാണിജ്യ ബാങ്കുകളും ധർമ്മങ്ങളും</u>

**ധനകാര്യ സ്ഥാപനങ്ങളുടെ വർഗ്ഗീകരണം**

- വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സാമ്പത്തിക സേവനങ്ങൾ നൽകുന്ന ബാങ്കുകളും ഇതര സാമ്പത്തിക സ്ഥാപനങ്ങളും ഇതിൽ ഉൾപ്പെടുന്നു
- ബാങ്കുകളെ പ്രധാനമായും **വാണിജ്യ ബാങ്കുകൾ** ഓഹരിയുടമകളുടെ നിയന്ത്രണത്തിലുള്ളവ **സഹകരണ ബാങ്കുകൾ** സഹകരണ സംഘങ്ങളിലെ അംഗങ്ങളുടെ ഉടമസ്ഥതയിലുള്ളവ എന്നിങ്ങനെ രണ്ടായി തിരിക്കാം ഉദാഹരണം: കേരള ബാങ്ക്

**<u>വാണിജ്യ ബാങ്കുകൾ</u>**

- 1934-ലെ ആർബിഐ നിയമത്തിന്റെ രണ്ടാം ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ളതും ആർബിഐയുടെ ലൈസൻസുള്ളതുമായ ബാങ്കുകളാണിവ
- 1990-കളിലെ സാമ്പത്തിക പരിഷ്കാരങ്ങൾക്ക് ശേഷം പ്രവർത്തനാനുമതി ലഭിച്ച ബാങ്കുകളെ 'ന്യൂ ജനറേഷൻ ബാങ്കുകൾ' എന്ന് വിളിക്കുന്നു ഉദാഹരണം: ആക്സിസ് ബാങ്ക് യെസ് ബാങ്ക്

**<u>നിക്ഷേപങ്ങൾ സ്വീകരിക്കൽ</u>**

- **സേവിങ്സ് നിക്ഷേപം:** വ്യക്തികളിൽ സമ്പാദ്യശീലം വളർത്തുന്നു ആവശ്യാനുസരണം പണം പിൻവലിക്കാം നിയന്ത്രണങ്ങൾക്ക് വിധേയമായി പലിശ നിരക്ക് കുറവായിരിക്കും
- **കറന്റ് നിക്ഷേപം:** ബിസിനസ്സ് ആവശ്യങ്ങൾക്കുള്ളതാണ് ഇടപാടുകൾക്ക് നിയന്ത്രണമില്ല ഇതിന് പലിശ ലഭിക്കില്ല പകരം **ഓവർഡ്രാഫ്റ്റ്** അക്കൗണ്ടിലുള്ളതിനേക്കാൾ കൂടുതൽ പണം പിൻവലിക്കാനുള്ള സൗകര്യം ലഭിക്കുന്നു
- **സ്ഥിര നിക്ഷേപം:** ഒരു നിശ്ചിത കാലയളവിലേക്ക് പണം നിക്ഷേപിക്കുന്നു ഉയർന്ന പലിശ ലഭിക്കും കാലാവധിക്ക് മുൻപ് പിൻവലിച്ചാൽ പലിശ കുറയാൻ സാധ്യതയുണ്ട്
- **ആവർത്തന നിക്ഷേപം :** കൃത്യമായ ഇടവേളകളിൽ നിശ്ചിത തുക നിക്ഷേപിക്കുന്നു

**<u>വായ്പകൾ നൽകലും വരുമാനവും</u>**

- നിക്ഷേപകരിൽ നിന്നും സ്വീകരിക്കുന്ന പണം സ്വർണ്ണം ആധാരം ശമ്പള സർട്ടിഫിക്കറ്റ് തുടങ്ങിയ ഈടുകൾ സ്വീകരിച്ചുകൊണ്ട് ബാങ്കുകൾ വായ്പയായി നൽകുന്നു
- **സ്പ്രെഡ് :** നിക്ഷേപകർക്ക് നൽകുന്ന പലിശയേക്കാൾ ഉയർന്ന നിരക്കാണ് വായ്പയെടുക്കുന്നവരിൽ നിന്നും ബാങ്ക് ഈടാക്കുന്നത് ഈ പലിശ നിരക്കുകൾ തമ്മിലുള്ള വ്യത്യാസമാണ് ബാങ്കിന്റെ വരുമാനം

**<u>മറ്റ് സേവനങ്ങൾ</u>**

OXFORD

- **എടിഎം സേവനങ്ങൾ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ ലോക്കർ സൗകര്യം** തുടങ്ങിയ ആധുനിക ബാങ്കിംഗ് സേവനങ്ങളും വാണിജ്യ ബാങ്കുകൾ നൽകുന്നു

**ബാങ്കിങ്ങും സാങ്കേതികവിദ്യയും**

- ഐഎഫ്എസ്സി കോഡ് ഉപയോഗിച്ച് അക്കൗണ്ട് ഉടമകൾക്കിടയിൽ പണം കൈമാറുന്നത് എളുപ്പമാക്കാൻ റിസർവ് ബാങ്ക് നടപ്പിലാക്കിയ സംവിധാനമാണിത്
- വലിയ തുകകൾ വളരെ കുറഞ്ഞ സമയത്തിനുള്ളിൽ കൈമാറാൻ റിസർവ് ബാങ്ക് ഏർപ്പെടുത്തിയ സംവിധാനമാണിത്
- ഒരു ബാങ്കിലെ അക്കൗണ്ട് ഉടമയ്ക്ക് ആ ബാങ്കിന്റെ ഏത് ശാഖയിൽ നിന്നും ഇടപാടുകൾ നടത്താൻ കഴിയുന്ന സംവിധാനമാണിത്
- എൻപിസിഐ വികസിപ്പിച്ച ഈ സംവിധാനം മൊബൈൽ ആപ്പുകൾ വഴി തത്സമയം പണം കൈമാറാൻ സഹായിക്കുന്നു

**ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ**

- ബാങ്കുകളെപ്പോലെ പ്രവർത്തിക്കുമെങ്കിലും സേവിങ്സ് നിക്ഷേപങ്ങൾ സ്വീകരിക്കാനോ ചെക്കുകൾ നൽകാനോ അധികാരമില്ലാത്ത സ്ഥാപനങ്ങളാണിവ
- എൽഐസി കെഎസ്എഫ്ഇ തുടങ്ങിയവ ഇതിന് ഉദാഹരണങ്ങളാണ് ആർബിഐ സെബി ഐആർഡിഎ തുടങ്ങിയ സ്ഥാപനങ്ങളാണ് ഇവയെ നിയന്ത്രിക്കുന്നത്

**വായ്പയുടെ സ്രോതസ്സുകൾ**

- **ഔദ്യോഗിക സ്രോതസ്സുകൾ:** ബാങ്കുകൾ ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയ നിയന്ത്രിത സംവിധാനങ്ങൾ
- **അനൗദ്യോഗിക സ്രോതസ്സുകൾ:** ബ്ലേഡ് പലിശക്കാർ സുഹൃത്തുക്കൾ ബന്ധുക്കൾ തുടങ്ങിയവർ
- **വായ്പാ-നിക്ഷേപ അനുപാതം:** ബാങ്കിന് ലഭിക്കുന്ന നിക്ഷേപത്തിന്റെ എത്ര ഭാഗം വായ്പയായി നൽകുന്നു എന്നതിന്റെ അളവാണിത്

**സാമ്പത്തിക ഉൾച്ചേർക്കൽ**

- ബാങ്കിംഗ് സേവനങ്ങൾ ഗ്രാമങ്ങളിലേക്ക് എത്തിക്കാനും കർഷകർക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകാനുമായി 1969-ലും 1980-ലുമായി ബാങ്കുകളെ ദേശസാൽക്കരിച്ചു
- **മൈക്രോഫിനാൻസ്:** കുറഞ്ഞ വരുമാനക്കാർക്കും സാധാരണക്കാർക്കും സാമ്പത്തിക സേവനങ്ങൾ നൽകുന്നു കേരളത്തിലെ 'കുടുംബശ്രീ' ഇതിന് മികച്ച ഉദാഹരണമാണ്
- **ജൻ ധൻ അക്കൗണ്ട്:** രാജ്യത്തെ എല്ലാവർക്കും ബാങ്ക് അക്കൗണ്ട് ഉറപ്പാക്കാനുള്ള പദ്ധതിയാണിത് മിനിമം ബാലൻസ് ആവശ്യമില്ല എന്നതാണ് ഇതിന്റെ പ്രത്യേകത

**കറൻസി രഹിത സമ്പദ്‌വ്യവസ്ഥയിലേക്ക്**

- കറൻസി നോട്ടുകളുടെ ഉപയോഗം കുറയ്ക്കാനും ഡിജിറ്റൽ ഇടപാടുകൾ വർദ്ധിപ്പിക്കാനുമായി ആധാർ അധിഷ്ഠിത പേയ്മെന്റുകൾ ഇ-വാലറ്റുകൾ തുടങ്ങിയവ സർക്കാർ പ്രോത്സാഹിപ്പിക്കുന്നു

Visit our website : oxfordacademykerala.com Contact : +91 9074 391 408
Youtube Channel : World of Mehanuf

OXFORD